# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

07.06.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1361

## സ്കൂളുകളിൽ സ്വീകരിച്ച സുരക്ഷാ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പുതിയ അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കുന്നതിനു മുമ്പായി സ്കൂളുകളിൽ സ്വീകരിച്ച സുരക്ഷാ നടപടികൾ വിലയിരുത്തി യിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) സ്കൂൾ പരിസരങ്ങളിലെ അപകട സാധ്യതകൾ വിലയിരുത്തി അവ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) & (ബി) | എല്ലാ അദ്ധ്യയന വർഷവും സംസ്ഥാനത്തെ സ്ക്കൂളുകൾ തുറക്കുന്നതിന് മുമ്പായി, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ സ്ക്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് ഫിറ്റ്നസ് /അൺഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകിവരുന്നു. സ്കൂളിനും സ്കൂൾ കുട്ടികൾക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം മുറിച്ച് മാറ്റുന്നതിനുള്ള അനുവാദവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. ഇത് കൂടാതെ സ്കൂളിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള വൈദ്യുതി പോസ്റ്റുകൾ, വൈദ്യുതി കണക്ഷനുകൾ എന്നിവ പരിശോധിക്കുന്നതിനും അപകടാവസ്ഥ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും സ്കൂൾ കോമ്പൗണ്ടിലും പരിസരങ്ങളിലുമുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ അപകടരഹിതമെന്ന് ഉറപ്പുവരുത്തുവാനും സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ടവരിൽ നിന്നും വാങ്ങുവാനും വേണ്ടത്ര പരിചയം ഇല്ലാത്തവരും അംഗവൈകല്യമുള്ളവരും കാഴ്ച/കേൾവി കുറവുള്ളവരും അനാരോഗ്യവാന്മാരും സ്കൂൾ വാഹനങ്ങളുടെ |

ഡ്രൈവർ/ക്ലീനർ എന്നിവരായി ജോലി ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാനും ശക്തമായ മഴ, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ കാരണം സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കുന്നതറിയാതെ സ്കൂളുകളിൽ എത്തിച്ചേരുന്ന കുട്ടികളെ സുരക്ഷിതമായ വീടുകളിൽ എത്തിക്കുവാനും അടിയന്തിര സാഹചര്യങ്ങളിൽ ജില്ലാ കളക്ടറേറ്റ്/ജില്ലാ ദുരന്ത നിവാരണ സമിതി എന്നിവയുമായി ബന്ധപ്പെടുവാനും എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂളുകളിലെ അറ്റകുറ്റപ്പണികൾ എല്ലാം തന്നെ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) സർക്കാർ സ്കൂളുകളിലെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട മാനേജ്മെന്റും പൂർത്തീകരിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടി മാത്രമേ ക്ലാസ്സുകൾ നടത്താവൂ എന്ന കർശന നിർദ്ദേശം എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുമ്പായി നൽകിവരുന്നുണ്ട്.

Namitha

സെക്ഷൻ ഓഫീസർ